പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 430 27/9/2011 ൽ മറുപടിയ്ക്ക്

ശേഷിയിൽ വ്യത്യസ്തരായവർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. എൻ. ഷംസുദീൻ :<br>ശ്രീ. സി. മോയിൻകുട്ടി:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | ഡോ. എം.കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി: |

| | |
|---|---|
| (എ).<br><br>സംസ്ഥാനത്തെ ഡിഫറന്റ്ലി ഏബിൾഡ് ആയിട്ടുള്ളവരുടെ കൃത്യമായ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; | (എ).<br><br>സംസ്ഥാനത്തെ ഐ.സി.ഡി.എസ് പ്രോജക്റ്റുകൾ മുഖാന്തിരം നടക്കുന്ന വാർഷിക സർവ്വേയിൽ വികലാംഗരെ സംബന്ധിച്ച വിവരശേഖരണം നടത്തുന്നുണ്ട്. വികലാംഗർക്ക് മാത്രമായി പ്രത്യേക വിവരശേഖരണം നടത്തിയിട്ടില്ല. |
| (ബി). എങ്കിൽ ഏത് ഏജൻസിയാണ് അത് നടത്തിയതെന്നും എന്തെല്ലാം വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളതെന്നും അതിനായി എന്തു തുക ചെലവായി എന്നും വിശദമാക്കുമോ; | (ബി). വികലാംഗരുടെ പ്രായം, വൈകല്യത്തിന്റെ സ്വഭാവം എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള വിവര ശേഖരണമാണ് ഐ.സി.ഡി.എസ് പ്രോജക്ടുകൾ വാർഷികമായി ചെയ്തു വരുന്നത്. ഇതിനായി പ്രത്യേക തുക ചെലവായിട്ടില്ല. |
| (സി). ഇവർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ മുഖേന കാർഡ് വിതരണം നടത്തിയിട്ടുണ്ടെന്നും, ഓരോ സ്ഥാപനവും എത്രപേർക്ക് വീതം വിതരണം നടത്തിയിട്ടുണ്ടെന്നും ഓരോ സ്ഥാപന ത്തിനും എന്തു തുക വീതം നൽകിയെന്നും വ്യക്തമാക്കുമോ; | (സി). 2009-2010 വരെ കെൽട്രോൺ മുഖേന 127154 പേർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 33,57,728/- ( മുപ്പത്തി മൂന്ന് ലക്ഷത്തി അൻപത്തി ഏഴായിരത്തി എഴുനൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) കെൽട്രോണിന് നൽകിയിട്ടുണ്ട്. 2010 മുതൽ കേരള സാമൂഹ്യസുരക്ഷാ മിഷൻ |

| | |
|---|---|
| | മുഖേനയാണ് വികലാംഗ തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നത്. ഇതിനായി 720 ലക്ഷം രൂപ ( എഴുനൂറ്റി ഇരുപത് ലക്ഷം രൂപ മാത്രം) കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. |
| (ഡി). ഇത്തരത്തിൽ വിതരണം ചെയ്യു കാർഡുകൾ ഏതെല്ലാം ആവശ്യങ്ങൾക്ക് സ്വീകാര്യമായിരിക്കുമെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ടോ ; | (ഡി). രേഖപ്പെടുത്തിയിട്ടില്ല .<br><br>സർക്കാർ ഉത്തരവ് 86/2010/സാക്ഷേവ തീയതി 30/11/2010 പ്രകാരം വിവിധ ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരിക രേഖയായി പ്രസ്തുത കാർഡിനെ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ഇ) ഈ കാർഡിന് വാലിഡിറ്റി പീരീഡ് നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ). വികലാംഗ നിർണ്ണയ മെഡിക്കൽ ക്യാമ്പുകൾ വഴി വിതരണം ചെയ്യുന്ന കാർഡുകൾ വൈകല്യത്തിന്റെ സ്വഭാവം അനുസരിച്ച് താൽക്കാലികമായും സ്ഥിരമായും നൽകി വരുന്നു. താൽക്കാലികമായി നൽകുന്ന കാർഡുകളുടെ വാലിഡിറ്റി പീരിയഡ് പ്രസ്തുത കാർഡുകളിൽ രേഖപ്പെടുത്തി നൽകുന്നതാണ്. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വീണ്ടും പരിശോധനയ്ക്ക് വിധേയമായി പുതിയ കാർഡ് വാങ്ങേണ്ടതാണ്. 18 വയസ്സ് തികയുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റും , തിരിച്ചറിയൽ കാർഡും പുതുക്കേണ്ടതാണ്. 18 വയസ്സ് കഴിഞ്ഞവർക്ക് സ്ഥിരം വൈകല്യമുള്ളവരാണെന്നുള്ള കാർഡ് ലഭിച്ചിട്ടുണ്ടെങ്കിൽ പിന്നീട് പുതുക്കാതെ ആജീവനാന്തം ഉപയോഗിക്കാവുന്നതാണ്. |

R. Vijayakumar

സെക്ഷൻ ഓഫീസർ